

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്ക്കരണ പ്രസ്ഥാനങ്ങൾ

## സമ്പൂർണ്ണകൃതികൾ: ഭാഗം IV

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


25 ദേശീയ നവോത്ഥാനത്തിന്റെ
മതപരിഷ്കരണ പ്രസ്ഥാനങ്ങൾ . . . . . . . . . . . . 1

1 ആധുനിക വ്യവസായങ്ങളുടെ
ആവിർഭാവം . . . . . . . . . . . . . 3

2 രാജാറാം മോഹൻറോയി . . . . . . . 4

3 മതപരിഷ്കരണ പ്രക്ഷോഭങ്ങൾ . . . 5

4 ദേശീയ നവോത്ഥാനത്തിന്റെ
പ്രവാചകൻ . . . . . . . . . . . . . . 6

5 ബ്രഹ്മസമാജം . . . . . . . . . . . . 7

6 ദയാനന്ദസരസ്വതിയും ആര്യസമാജവും 8

7 സർ സയിദ് അഹമ്മദ് ഖാൻ . . . . . 9

# 25

# ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണം ആദ്യം മുതൽക്കേ വൈരുദ്ധ്യങ്ങൾ നിറഞ്ഞതായിരുന്നു. ഇന്ത്യയുടെ ആത്മാവിനെ കീഴടക്കുവാനും ഞെക്കിഞെരുക്കി നശിപ്പിക്കുവാനും അത് പരിശ്രമിച്ചു. പക്ഷേ, സ്വന്തം നാശത്തിന്റെ വിത്തുകൾ വിതയ്ക്കുകയാണ് അത് ചെയ്തത്. വിദ്യാഭ്യാസ പരിഷ്കാരത്തിലൂടെ സ്വന്തം മേൻമയെ ഉത്ഘോഷിക്കുവാൻ അത് ആഗ്രഹിച്ചു. പക്ഷേ, ഇന്ത്യൻ ജനതയുടെ ദേശീയബോധത്തെ തട്ടിയുണർത്തുകയും പാശ്ചാത്യ ശാസ്ത്രങ്ങളേയും നവീനതയുടേതായ സംസ്കാരത്തേയും സ്വന്തം രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കുകയും ചെയ്ത ഒട്ടനവധി ബുദ്ധിജീവികളെ സൃഷ്ടിക്കുകയാണുചെയ്തത്. ജനങ്ങളെ ആത്മീയമായി കീഴടക്കിക്കൊണ്ട് സ്വന്തം ഭാഗത്തണിനിരത്താൻ വേണ്ടി മിഷനറി പ്രവർത്തനങ്ങളെ അത് പ്രോത്സാഹിപ്പിച്ചു. പക്ഷേ, മിഷനറിമാരുടെ ജനസേവനവും, ഇന്ത്യൻ ഭാഷകളെപ്പറ്റിയും സാഹിത്യങ്ങളെപ്പറ്റിയുമുള്ള അവരുടെ ഗവേഷണങ്ങളും ഗ്രന്ഥങ്ങളും പുതിയൊരുണർവ്വിനെ കെട്ടഴിച്ചുവിടുകയാണ് ചെയ്തത്. ഇന്ത്യയിൽ മുതലാളിത്തോൽപ്പാദനരീതിയുടേയും ആധുനികവ്യവസായങ്ങളുടേയും വളർച്ചയെ എല്ലാ ശക്തിയും ഉപയോഗിച്ച് തടഞ്ഞുനിർത്താൻ ബ്രിട്ടീഷു ഭരണം ആദ്യം മുതൽക്കുതന്നെ പരിശ്രമിച്ചു. പക്ഷേ, ആ പരിശ്രമങ്ങൾ തന്നെ ഒരു ദേശീയ മുതലാളിവർഗ്ഗത്തിന്റെ ആവിർഭാവത്തെ സഹായിക്കുകയാണ് ചെയ്തത്.

## 1 ആധുനിക വ്യവസായങ്ങളുടെ ആവിർഭാവം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ബ്രിട്ടീഷുകാർ ഇന്ത്യയിൽ ചില റെയിൽപാതകൾ പണിയാൻ തുടങ്ങി. ബ്രിട്ടീഷ് മുതലാളികളുടെ ചരക്കുകൾ ഉൾനാടുകളുടെ വിദൂരതകളിലേയ്ക്കു പോലും അതിവേഗമെത്തിക്കുകയും അങ്ങനെ ഇന്ത്യൻ ബ്രിട്ടീഷ് വ്യവസായങ്ങളുടെ മേധാവിത്വം ഉറപ്പിക്കുകയും ചെയ്യുക, ആവശ്യമായ അസംസ്കൃത സാമഗ്രികൾ കാലവിളംബം കൂടാതെ തുറമുഖങ്ങളിലെത്തിക്കുക, ലഹളകളും കലാപങ്ങളും പൊട്ടിപ്പുറപ്പെടുന്നിടത്തേയ്ക്ക് ബ്രിട്ടീഷ് സൈന്യങ്ങളെ എളുപ്പത്തിൽ കൊണ്ടുപോകുക — ഇതൊക്കെയായിരുന്ന ഉദ്ദേശ്യങ്ങൾ. പക്ഷേ, റെയിൽവേകളുടെ ആവിർഭാവം ദൂരവ്യാപകമായ ഫലങ്ങളാണുണ്ടാക്കിയത്. മാർക്സ് ‘ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ ഭാവിഫലങ്ങൾ’ എന്ന ലേഖനത്തിൽ ഇങ്ങനെ ദീർഘദർശനം ചെയ്യുകയുണ്ടായി:

> ‘തങ്ങളുടെ വ്യവസായങ്ങൾക്കാവശ്യമായ പരുത്തിയും മറ്റ് അസംസ്കൃതസാമഗ്രികളും കുറഞ്ഞവിലയ്ക്ക് തട്ടിയെടുക്കുക എന്ന ഒരു ഒരുദ്ദേശ്യത്തോടുകൂടിയാണ് ബ്രിട്ടീഷ് മിൽ ഉദ്യോഗസ്ഥൻമാർ ഇന്ത്യയ്ക്ക് റയിൽവേകൾ നൽകാനാലോചിക്കുന്നത് എന്ന് എനിക്കറിയാം. എന്നാൽ, ഇരുമ്പും കൽക്കരിയുമുള്ള ഒരു രാജ്യത്ത് ഗതാഗതത്തിൽ ഒരിക്കൽ നിങ്ങൾ യന്ത്രങ്ങളവതരിപ്പിച്ചാൽ പിന്നെ അവയുടെ പുനർനിർമ്മാണത്തെ തടയുവാൻ നിങ്ങൾക്ക് സാധിക്കുകയില്ല. റയിൽവേ ഗതാഗതത്തിന് അടിയന്തിരവും അപ്പപ്പോൾ വേണ്ടതുമായ ആവശ്യങ്ങളെ നേരിടാൻ വേണ്ട എല്ലാത്തരം വ്യാവസായിക സംരംഭങ്ങളും നടപ്പിലാക്കാതെ അതിവിപുലമായ ഒരു രാജ്യത്തിൽ ശാഖോപശാഖകളോടുകൂടിയ ഒരു റയിൽവേവ്യവസ്ഥ നിലനിർത്താൻ നിങ്ങൾക്കു കഴിയുകയില്ല. എന്നല്ല, ഇതിൽനിന്ന് റയിൽവേകളുമായി നേരിട്ടുബന്ധമില്ലാത്ത വ്യവസായശാഖകളിൽപോലും യന്ത്രങ്ങളുടെ ഉപയോഗം വളർന്നേതീരൂ. അതുകൊണ്ട്, റയിൽവേ സമ്പ്രദായം ഇന്ത്യയിൽ തീർച്ചയായും ആധുനികവ്യവസായത്തിന്റെ മുന്നോടിയായിത്തീരും. തികച്ചും പുതിയതായ തൊഴിലുമായി സ്വയം ഇണങ്ങിച്ചേരുന്നതിനും യന്ത്രത്തെ സംബന്ധിച്ചുള്ള അറിവുനേടുന്നതിനുമുള്ള സവിശേഷ വാസനകൾ സമ്പാദിക്കാൻ ബ്രിട്ടീഷധികാരികൾ തന്നെ ഇന്ത്യക്കാരെ അനുവദിക്കുന്നതുകൊണ്ട് ഇത് കുറേക്കൂടി തീർച്ചയായും സംഭവിക്കും. റയിൽവേ സമ്പ്രദായത്തിന്റെ ഫലമായുണ്ടാകുന്ന ആധുനിക വ്യവസായം പരമ്പരാഗതമായ അദ്ധ്വാനവിഭജനത്തിന്റെ അടിസ്ഥാനത്തിലുള്ളതും ഇന്ത്യയുടെ പുരോഗതിയുടെയും ശക്തിയുടേയും നിർണ്ണായകമായ വിലങ്ങുതടിയായി നിലകൊള്ളുന്നതുമായി ജാതിവ്യവസ്ഥയെ നശിപ്പിക്കും…’

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലമായപ്പോഴേക്കും ബ്രിട്ടീഷുകാരുടെ നേതൃത്വത്തിൽ ചായ, കാപ്പി, നീലം എന്നിവ ഉൽപ്പാദിപ്പിക്കുന്ന തോട്ടവ്യവസായങ്ങൾ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിരുന്നു. 1850 നും 1855 നുമിടയിൽ ഒരു പരുത്തിമില്ലും ഏതാനും ചണമില്ലുകളും ചില കൽക്കരിഖനികളും പ്രത്യക്ഷപ്പെട്ടു. 1880 ആകുമ്പോഴേയ്ക്കും പരുത്തിമില്ലുകളുടെ എണ്ണം 156 ആയി വർദ്ധിച്ചു. അവയിലധികവും ഇന്ത്യാക്കാരുടെ നിയന്ത്രണത്തിലും ഉടമസ്ഥതയിലുമായിരുന്നു. മറ്റു വ്യവസായങ്ങളും മെല്ലെ മെല്ലെ വളരാൻ തുടങ്ങി.

ഈ ആധുനികോൽപ്പാദനരീതിയുടെ വളർച്ചയെ തടഞ്ഞുനിർത്താൻ ശ്രമിച്ച ചില സാമൂഹ്യശക്തികൾ നിലവിലുണ്ടായിരുന്നു. അവയ്ക്കെതിരായ പ്രക്ഷോഭങ്ങളും പ്രസ്ഥാനങ്ങളും ആവശ്യമായിത്തീർന്നു. രാജാറാംമോഹൻറോയിയുടെ നേതൃത്വത്തിലാരംഭിച്ച ദേശീയനവോത്ഥാനമാണ് ഈ ആവശ്യത്തെ ആദ്യമായി നേരിട്ടത്. മഹാകവി രവീന്ദ്രനാഥടാഗോറിന്റെ വാക്കുകളിൽ പറഞ്ഞാൽ, ‘ഇന്ത്യയിൽ ആധുനിക കാലഘട്ടത്തെ ഉദ്ഘാടനം ചെയ്തത് രാജാറാം മോഹൻറോയിയാണ്.’

## 2 രാജാറാം മോഹൻറോയി

ക്രിസ്ത്വാബ്ദം 1772-ൽ ബർദ്വാനട്ടത്ത് രാധാനഗർ എന്ന ഗ്രാമത്തിലാണ് റാംമോഹൻറോയി ജനിച്ചത്. ബംഗാളിൽ മുതലാളിത്തോൽപ്പാദനരീതിയുടെ പ്രാരംഭഘടകങ്ങൾ, ആവിർഭവിക്കാൻ തുടങ്ങിയ കാലമായിരുന്നു അത്.

ജാതിവ്യത്യാസം കൊണ്ടും അന്ധവിശ്വാസങ്ങൾകൊണ്ടും ജന്തുബലി, ബിംബാരാധന തുടങ്ങിയ അനാചാരങ്ങൾകൊണ്ടും മലീമസമായ ഒരു സമൂഹവ്യവസ്ഥയാണ് അന്ന് നിലനിന്നിരുന്നത്. ഫ്യൂഡലിസത്തിന്റെ തകർച്ചയോടൊപ്പം ഹിന്ദുമതവും ജീർണ്ണിച്ചുവരികയായിരുന്നു. അനാചാരങ്ങളും ജാതിവ്യത്യാസങ്ങളും നിറഞ്ഞ ഹിന്ദുമതം പുതുതായി ആവിർഭവിക്കാൻ തുടങ്ങിയ മുതലാളിത്തോൽപ്പാദനരീതിയുടെ വളർച്ചയ്ക്ക് സഹായകരമായിരുന്നില്ല. മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, വ്യക്തിസ്വാതന്ത്ര്യം, സ്വത്തുസമ്പാദിക്കാനും തൊഴിലാളികളെകൊണ്ട് പണിയെടുപ്പിക്കാനുമുള്ള സ്വാതന്ത്ര്യം — ഇതൊക്കെയാണ് ബൂർഷ്വാസികളുടെ ആവിർഭാവത്തോടുകൂടി എല്ലായിടത്തും ഉയർന്നുവന്ന ആവശ്യങ്ങൾ. ഈ ആവശ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന ചിന്താഗതികൾ ഇന്ത്യയിലും ഒഴിച്ചുകൂടാൻ വയ്യാത്തവയായിത്തീർന്നു. റാംമോഹൻറോയിയാണ് അവയ്ക്കാദ്യമായി രൂപം കൊടുത്തത്. അതുകൊണ്ടു തന്നെയാണ്, അദ്ദേഹം ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ പിതാവ് എന്ന പേരിലറിയപ്പെടുന്നത്.

പാറ്റ്നയിലെ ഒരു മുസ്ലീം ഹൈസ്കൂളിലാണ് അദ്ദേഹം തന്റെ ആദ്യകാലത്തെ വിദ്യാഭ്യാസം കഴിച്ചത്. അവിടെവച്ച് അറബിയും പേർഷ്യനും പഠിച്ചു. അറബിഭാഷയിൽ അരിസ്റ്റോട്ടിലിന്റെയും യൂക്ലിന്റെയും ഗ്രന്ഥങ്ങൾ വായിച്ചു. ഇസ്ലാംമതവും മുസ്ലീം സംസ്കാരവും അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്തി. 14-ാം വയസ് മുതൽ 16-ാം വയസ്സ് വരെ അദ്ദേഹം കാശിയിൽ ആയിരുന്നു. അവിടെ വെച്ച് അദ്ദേഹം സംസ്കൃതം പഠിച്ചു. സംസ്കൃതത്തിലുള്ള പ്രാചീന മതഗ്രന്ഥങ്ങൾ അദ്ദേഹം വായിച്ചു. 24-ാമത്തെ വയസ്സിൽ അദ്ദേഹം ഇംഗ്ലീഷ്, ഹിബ്രു, ഗ്രീക്ക്, ലാറ്റിൻ എന്നീ ഭാഷകളും പഠിച്ചു. ഇംഗ്ലീഷിലുള്ള ഒട്ടനവധിഗ്രന്ഥങ്ങൾ അദ്ദേഹം വായിച്ചുതീർത്തു. ഫ്രഞ്ചുവിപ്ലവത്തിന്റെ നേതാക്കൻമാരെഴുതിയ ഗ്രന്ഥങ്ങൾ അദ്ദേഹത്തെ കുറച്ചൊന്നുമല്ല സ്വാധീനം ചെലുത്തിയത്. ശാസ്ത്രം, ചരിത്രം മുതലായവയെ അദ്ദേഹം നിഷ്കർഷിച്ചു പഠിച്ചു. അദ്ദേഹത്തിന്റെ ലോകവീക്ഷണഗതി കൂടുതൽ വിശാലമായിത്തീർന്നു. ക്രിസ്തുമതതത്വങ്ങളിൽ അദ്ദേഹം അഗാധമായ പാണ്ഡിത്യം നേടി.

## 3 മതപരിഷ്കരണ പ്രക്ഷോഭങ്ങൾ

ക്രിസ്തുമതവും ഇസ്ലാംമതവും അദ്ദേഹത്തിന്റെ ഹൃദയത്തെ വളരയെധികം അകർഷിച്ചുവെന്നത് ശരിയാണ്. പക്ഷേ, അദ്ദേഹത്തിന്റെ അടിസ്ഥാനപരമായ വീക്ഷണഗതി ഹിന്ദുവിന്റേതായിരുന്നു. എന്നാൽ നിലവിലുള്ള ഹിന്ദുമതവിശ്വാസങ്ങളേയും അവയോടൊട്ടിപ്പിടിച്ചുനിന്ന ബഹുദൈവവിശ്വാസം, പുനർജൻമവും, അവതാരങ്ങളും, ബിംബാരാധന, ജന്തുബലി മുതലായവയേയും അംഗീകരിക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ല. അദ്ദേഹത്തിന്റെ ഹിന്ദുമതം സാർവ്വത്രികമായ മനുഷ്യസഹോദര്യത്തിലടിയുറച്ചതായിരുന്നു. അന്ധവിശ്വാസങ്ങളേയും ദുരാചാരങ്ങളേയും തുടച്ചുനീക്കിക്കൊണ്ട് ഹിന്ദുമതത്തെ ശുദ്ധീകരിക്കാനും അങ്ങനെ പുതിയ പരിതഃസ്ഥിതികൾക്കനുയോജ്യമായ വിധത്തിൽ ഇന്ത്യയുടെ ദേശീയ മതമാക്കി മാറ്റുവാനുമാണ് അദ്ദേഹം പരിശ്രമിച്ചത്.

അദ്ദേഹം ഏകദൈവവിശ്വാസിയായിരുന്നു. ഏകദൈവവിശ്വാസം ഇന്ത്യയ്ക്കപരിചിതമായിരുന്നില്ല. എന്നാൽ റാംമോഹന്റെ ഏകദൈവവിശ്വാസം ഉപനിഷത്തുകളിലേയും ഭക്തിപ്രസ്ഥാനത്തിലേയും ഏകദൈവവിശ്വാസത്തിൽ നിന്നു തികച്ചും വ്യത്യസ്തമായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, ഏകദൈവവിശ്വാസം ഇന്ത്യയുടെ ഐക്യത്തിന്റെ ചിഹ്നമായിരുന്നു.

ബിംബാരാധനയ്ക്കെതിരായ റാംമോഹന്റെ ഒന്നാമത്തെ ബംഗാളി ലേഖനം 1790-ൽ പ്രസിദ്ധം ചെയ്യപ്പെട്ടു. അന്നദ്ദേഹത്തിന് 18 വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. അദ്ദേഹം എഴുതുന്നു:

> ‘എന്റെ അച്ഛന്റെ മരണത്തിനുശേഷം ഞാൻ ബിംബാരാധനയെ ന്യായീകരിക്കുന്നവരെയെല്ലാം ശക്തിയായി എതിർക്കാൻ തുടങ്ങി. പ്രസിദ്ധീകരണകലയുപയോഗിച്ചുകൊണ്ട് ഞാൻ മാതൃഭാഷയിലും വിദേശഭാഷകളിലും ബിംബാരാധകൻമാർക്കും അവരുടെ തെറ്റുകൾക്കുമെതിരായി അനേകം ലേഖനങ്ങളും ലഘുലേഖകളും പ്രസിദ്ധം ചെയ്തു. ബ്രാഹ്മണരുടെ ബിംബാരാധന യഥാർഥത്തിൽ അവരുടെതന്നെ പ്രാചീന ഗ്രന്ഥങ്ങളിലെ തത്വങ്ങൾക്കെതിരാണെന്ന് തെളിയിക്കാൻ ഞാൻ ശ്രമിച്ചു.’

## 4 ദേശീയ നവോത്ഥാനത്തിന്റെ പ്രവാചകൻ

1803 മുതൽ 1814 വരെ റോയി ഈസ്റ്റിന്ത്യാ കമ്പനിയുടെ കീഴിൽ ഒരു റവന്യൂ ഉദ്യോഗസ്ഥനായിരുന്നു. 1814-ൽ കമ്പനി വക ജോലിയിൽ നിന്നൊഴിഞ്ഞശേഷം അദ്ദേഹം കൽക്കത്തയിൽ താമസിച്ചുകൊണ്ട് തന്റെ ആശയങ്ങളേയും ആദർശങ്ങളേയും കൂടുതൽ സജീവമായി പ്രചരിപ്പിക്കാൻ തുടങ്ങി.

പല ഭാഷകളും അദ്ദേഹത്തിനറിയാമായിരുന്നു. എന്നാൽ തന്റെ ആശയപ്രചാരണത്തിന് പ്രധാനമായും ബംഗാളി ഭാഷയെയാണ് അദ്ദേഹം ഉപയോഗിച്ചത്. ഭംഗിയും മൂർച്ചയുമുള്ള ശൈലിയിൽ അദ്ദേഹം ലേഖനങ്ങളും ലഘുലേഖകളുമെഴുതി. ബംഗാളിഭാഷയുടെ വളർച്ചയെ അത് ത്വരിതപ്പെടുത്തി. അതുകൊണ്ടാണദ്ദേഹം 'ബംഗാളി ഗദ്യസാഹിത്യത്തിന്റെ പിതാവ്' എന്ന് വിളിക്കപ്പെടുന്നത്. 'റാം മോഹൻറോയി ബംഗാളി സാഹിത്യത്തെ ഉറപ്പേറിയ ഒരു അസ്തിവാരത്തിൽ പ്രതിഷ്ഠിച്ചു' എന്ന് മഹാകവി ടാഗോർ പ്രസ്താവിക്കുന്നു.

ഇന്ത്യയിലെ ദേശീയ പത്രപ്രവർത്തനത്തിന്റെ സ്ഥാപകനും റോയിയാണ്. 1821-ൽ ബംഗാളി ഭാഷയിൽ 'സംബദ് കൗമുദി' എന്ന പത്രവും 1822-ൽ പേർസ്യൻ ഭാഷയിൽ 'ഉൽ അക്ബർ' എന്ന പത്രവും അദ്ദേഹം സ്ഥാപിച്ചു. ദേശീയ ജനാധിപത്യ വീക്ഷണഗതിയോടുകൂടിയ ആദ്യത്തെ ഇന്ത്യൻ പത്രങ്ങളായിരുന്നു അവ. ദേശീയ പത്രങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നില്ല ബ്രിട്ടീഷുകാരന്റെ നയം. അവർ ചില പത്രമർദ്ദന നടപടികൾ കൈക്കൊണ്ടു. അവയ്ക്കെതിരായി റാംമോഹൻ ശക്തിയായ പ്രക്ഷോഭം സംഘടിപ്പിക്കുകയും അവസാനം അവയെ പരാജയപ്പെടുത്തുകയും ചെയ്തു.

ദേശീയ നവോത്ഥാനത്തിന്റെ ചിറകുകളായിരുന്നു പത്രങ്ങൾ. അവയുടെ സഹായത്തോടുകൂടിയാണ് അദ്ദേഹം ആധുനിക കാലഘട്ടത്തിന്റെ സന്ദേശത്തെ എല്ലായിടത്തുമെത്തിച്ചത്. മദ്ധ്യകാലത്തിന്റെ അവശിഷ്ടങ്ങളായ ജാതിവ്യവസ്ഥ, ബിംബാരാധന, ജന്തുബലി മുതലായ അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളെയും അദ്ദേഹം വിട്ടുവീഴ്ചയില്ലാതെ എതിർത്തു. മനുഷ്യസാഹോദര്യത്തിന്റെ സാർവ്വലൗകിക പതാകയെ അദ്ദേഹം ഉയർത്തിപിടിച്ചു.

സതി അല്ലെങ്കിൽ ഉടന്തടിച്ചാട്ടം എന്ന ക്രൂരമായ ഒരു അനാചാരം അക്കാലത്തു നിലവിലുണ്ടായിരുന്നു. ഭർത്താവ് മരിച്ചാൽ കൂടെ ഭാര്യയും ചിതയിൽചാടി മരിക്കണമെന്നതായിരുന്നു വ്യവസ്ഥ. ഈ പൈശാചികാചാരത്തിനെതിരായി 1818 മുതൽക്കുതന്നെ അദ്ദേഹം പ്രക്ഷോഭം സംഘടിപ്പിച്ചു. മനുസ്മൃതി തുടങ്ങിയ പ്രാചീന നിയമങ്ങൾ സതിയെ അംഗീകരിക്കുന്നില്ലെന്ന് അനേകം തെളിവുകളോടെ അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ ഇടവിടാത്ത പ്രക്ഷോഭങ്ങളുടെ ഫലമായിട്ടാണ് ഒടുവിൽ, 1829-ൽ, ബെൻറിക് പ്രഭുവിന്റെ ഭരണകാലത്ത് ഉടന്തടിച്ചാട്ടം നിയമവിരുദ്ധമാക്കപ്പെട്ടത്.

സ്ത്രീകളുടെ ആവശ്യങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. സ്വത്തവകാശങ്ങളിലും മറ്റും സ്ത്രീയ്ക്കും പുരുഷനും തുല്യ അവകാശങ്ങളുണ്ടായിരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. വിധവാവിവാഹം, ശൈശവവിവാഹ നിരോധനം മുതലായവയ്ക്കുവേണ്ടി അദ്ദേഹം ഉറച്ചുനിന്നു വാദിച്ചു.

സംസ്കൃതത്തേയും അറബിയേയും അദ്ധ്യയനഭാഷകളാക്കി നിലനിർത്തുകയും പ്രാചീന വിദ്യാഭ്യാസസമ്പ്രദായം തുടരുകയും ചെയ്യണമെന്നുവാദിച്ച ചില പണ്ഡിതൻമാർ അക്കാലത്തുണ്ടായിരുന്നു. വാറൻഹേസ്റ്റിംഗ്സ്, മിൻറോ പ്രഭു തുടങ്ങിയ ചില ഭരണാധികാരികൾ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പക്ഷേ, പഴയ വിദ്യാഭ്യാസ സമ്പ്രദായം പുതിയ പരിതഃസ്ഥിതികൾക്ക് യോജിച്ചതല്ലെന്ന് റാംമോഹൻറോയി ഉറപ്പിച്ചു പറഞ്ഞു. ആധുനികമായ ശാസ്ത്രീയ ജനാധിപത്യ ചിന്തകളുടെ ഭണ്ഡാഗാരം തുറക്കാനുള്ള താക്കോൽ ഇംഗ്ലീഷു വിദ്യാഭ്യാസമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ചില ബ്രിട്ടീഷു ഭരണാധികാരികൾ അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിക്കുന്നവരായിരുന്നു. ആധുനിക ശാസ്ത്രങ്ങൾ പഠിപ്പിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളേർപ്പെടുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് 1823-ൽ അദ്ദേഹം ഗവൺമെൻറിന് ഒരു മെമ്മോറാണ്ടം നൽകി. ഒരു പന്തീരാണ്ടിനുശേഷം മെക്കാളപ്രഭുവിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപനങ്ങളാവിർഭവിച്ചു.

## 5 ബ്രഹ്മസമാജം

മതപരമായ പരിഷ്ക്കാരങ്ങൾക്ക് കേന്ദ്രീകൃതമായ രൂപം കൊടുക്കാൻ വേണ്ടി 1828-ൽ അദ്ദേഹം ബ്രഹ്മസമാജം എന്ന പേരിൽ ഒരു സംഘം സ്ഥാപിച്ചു. യാഥാസ്ഥിതികൻമാരതിനെ എതിർക്കാതിരുന്നില്ല. എങ്കിലും ബംഗാളിലെ പ്രഗത്ഭമതികളായ മിക്ക ബുദ്ധിജീവികളെയും അതാകർഷിച്ചു.

ഏറെക്കഴിയുന്നതിന് മുമ്പ്, 1830-ൽ ഡൽഹി ചക്രവർത്തിയുടെ ആവശ്യാർത്ഥം അദ്ദേഹം ഇംഗ്ലണ്ടിലേക്കു പോയി. 1833-ൽ ബ്രസ്റ്റലിൽ വച്ച് അദ്ദേഹം അന്തരിച്ചു.

റാംമോഹൻറോയിയുടെ മരണത്തിനുശേഷം ദേവേന്ദ്രനാഥ ടാഗോൾ (1817-1905), കേശവചന്ദ്രസെൻ (1834-1884) തുടങ്ങിയ ചിന്തകൻമാർ ബ്രഹ്മസമാജത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ബ്രഹ്മസമാജം വെറുമൊരു മതപരിഷ്ക്കരണപ്രസ്ഥാനമായിരുന്നില്ല. സാമൂഹ്യവും രാഷ്ട്രീയവുമായ പരിഷ്ക്കാരങ്ങളും അതിന്റെ പരിപാടികളിൽ ഉൾപ്പെട്ടിരുന്നു. എന്നല്ല, മതപരിഷ്ക്കരണം തന്നെയും ഭൗതികവും സാംസ്കാരികവുമായ ദേശീയ മുന്നേറ്റത്തിന് വഴിതുറന്നുകൊടുക്കുകയാണ് ചെയ്തത്. ഭാവിയുടെ ആഹ്വാനത്തെ വകവയ്ക്കാതെ ഭൂതകാലത്തെ അയവിറക്കിക്കൊണ്ടിരുന്ന മതാധികാരത്തിന്റെ ഞെരുക്കലിൽനിന്ന് മനുഷ്യന്റെ മനസാക്ഷിയെ മോചിപ്പിക്കുവാൻ വേണ്ടിയാണ് അത് പരിശ്രമിച്ചത്. വ്യക്തിസ്വാതന്ത്ര്യം, ദേശീയൈക്യം, സാമൂഹ്യസ്ഥാപനങ്ങളുടേയും സാമൂഹ്യബന്ധങ്ങളുടെയും ജനാധിപത്യവൽക്കരണം മുതലായ തത്വങ്ങളുടെ പ്രചരണത്തിലൂടെ ഇന്ത്യയുടെ ദേശീയബോധത്തിന് സംഘടിതമായ രൂപം കൊടുത്ത ഈ പ്രസ്ഥാനമാണ് 1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആവിർഭാവത്തിന് വഴിതെളിച്ചത്. പക്ഷേ, അപ്പോഴേയ്ക്കും പുതിയ സാമൂഹ്യ സാമ്പത്തിക ശക്തികളുടെ വളർച്ചയുടെ ഫലമായി ബ്രഹ്മസമാജം അപര്യാപ്തമായിത്തീർന്നു. സംഘടനയിലുണ്ടായ പിളർപ്പുകൾ അതിനെ കൂടുതൽ ക്ഷീണിപ്പിച്ചു. കാലക്രമത്തിൽ അതിന്റെ സ്വാധീനശക്തി വളരെയധികം കുറഞ്ഞുപോയി.

കൽക്കത്തയെ കേന്ദ്രമാക്കിക്കൊണ്ടു പ്രവർത്തിച്ച ബ്രഹ്മസമാജംപോലെതന്നെ 1867-ൽ മതപരവും സാമൂഹ്യപരവുമായ പരിഷ്ക്കാരങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥനാ സമാജം എന്ന മറ്റൊരു സംഘടന ബോംബെയിലും സ്ഥാപിക്കപ്പെടുകയുണ്ടായി. മഹാഗോവിന്ദറാനഡേയായിരുന്ന അതിന്റെ നേതാവ്. ബോംബെ ആധുനിക വ്യവസായങ്ങളുടെ നേർക്ക് നോക്കാൻ തുടങ്ങിയ ഒരു കാലമായിരുന്നു അത്. അതുകൊണ്ട് റാനഡേയുടെ പരിപാടികൾക്ക് ബുദ്ധിജീവികളുടെ വലിയൊരു വിഭാഗത്തിന്റെ പിന്തുണ ലഭിച്ചു.

ജാതിവ്യത്യാസങ്ങളവസാനിപ്പിക്കുക, വിധവാവിവാഹം നടപ്പിൽവരുത്തുക, സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, ശൈശവ വിവാഹം തടയുക — ഇവയായിരുന്നു പ്രാർത്ഥനാ സമാജത്തിന്റെ പ്രധാന പരിപാടികൾ. ഇവിടേയും മതപരിഷ്ക്കരണമാണ് സാമൂഹ്യപരിഷ്ക്കരണ പരിപാടികളുടെ അടിസ്ഥാനമായിത്തീർന്നത്.

റാനഡേ ഒരു സാമൂഹ്യപരിഷ്ക്കർത്താവു മാത്രമായിരുന്നില്ല. ദേശീയ ജനാധിപത്യ വീക്ഷണഗതികളോടുകൂടിയ ഒരു സുപ്രസിദ്ധ ധനശാസ്ത്രജ്ഞനും ചിത്രകാരനുമായിരുന്ന അദ്ദേഹം. പിന്നീടദ്ദേഹം ബോംബെ ഹൈക്കോടതിയിൽ ജഡ്ജിയായിത്തീർന്നു.

1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിതമായപ്പോൾ അതിന്റെ നേതൃത്വത്തിൽ റാനഡേയുമുണ്ടായിരുന്നു.

പിന്നീട് വലിയൊരു രാഷ്ട്രീയനേതാവായുയർന്ന ഗോപാലകൃഷ്ണ ഗോഖലെ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു.

## 6 ദയാനന്ദസരസ്വതിയും ആര്യസമാജവും

ക്രിസ്ത്വാബ്ദം 1875 — ൽ ദയാനന്ദ സരസ്വതി ബോംബെയിൽ സ്ഥാപിച്ച ആര്യസമാജം മറ്റു മതപരിഷ്കരണ പ്രസ്ഥാനങ്ങളിൽ നിന്ന് തുലോം വ്യത്യസ്തമായിരുന്നു. വേദങ്ങളുടെ പ്രാമാണികതയിലടിയുറച്ച ഒരു പരിഷ്കരണ പ്രസ്ഥാനത്തെയാണ് ദയാനന്ദൻ ഉദ്ഘാടനം ചെയ്തത്. വൈദികകാലത്തെ ഹോമം, യജ്ഞം, മുതലായ മതചടങ്ങുകളെ അദ്ദേഹം പുനരുദ്ധരിച്ചു. വേദങ്ങൾ ദൈവത്തിൽനിന്നുണ്ടായതാണ്, അതുകൊണ്ടവയ്ക്കു തെറ്റുപറ്റുക വയ്യ എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ഇതേവരെയുണ്ടായതും ഇനിയുണ്ടാവാനിടയുള്ളതുമായ എല്ലാ ജ്ഞാനവും വേദങ്ങളിൽ അടങ്ങിയിരിക്കുന്നു എന്നും അദ്ദേഹം വാദിച്ചു. യുക്തിയും വേദങ്ങളിലെ നിഗമനങ്ങളും തമ്മിൽ പൊരുത്തക്കേടുണ്ടാകുമ്പോഴെല്ലാം യുക്തിയെയാണ് ആശ്രയിക്കേണ്ടത് എന്നായിരുന്നു രാജാറാം മോഹൻറോയിയുടെ അഭിപ്രായം. ദയാനന്ദസരസ്വതിയാകട്ടെ വേദങ്ങളിൽ അന്ധമായ വിശ്വാസമാണർപ്പിച്ചത്.

> ‘വേദങ്ങളിലേയ്ക്ക് മടങ്ങുക!’ എന്ന ഈ മുദ്രാവാക്യത്തിന്റെ സഹായത്തോടെയാണ് അദ്ദേഹവും അദ്ദേഹത്തിന്റെ നേതൃത്വത്തിലാരംഭിച്ച ആര്യസമാജവും ജനങ്ങളുടെ ദേശാഭിമാനത്തെ തട്ടിയുണർത്താൻ ശ്രമിച്ചത്.

ദയാനന്ദന് പുനർജന്മത്തിൽ വിശ്വാസമുണ്ടായിരുന്നു. എന്നാൽ ബ്രാഹ്മണ്യത്തിന്റെ വൈദിക മേധാവിത്വത്തേയും സമുദായത്തിൽ നിലനിന്നുപോരുന്ന ജാതിവ്യത്യാസങ്ങളെയും അയിത്തം മുതലായ അനാചാരങ്ങളെയും അദ്ദേഹം എതിർത്തു. ‘അയിത്തക്കാരായ’ താണജാതിക്കാർക്കും മറ്റുള്ളവർക്കും തുല്യമായ സ്ഥാനം ആര്യസമാജത്തിൽ അനുവദിക്കപ്പെട്ടു.

സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേതരത്തിലുള്ള വിദ്യാഭ്യാസം നൽകേണ്ടതാവശ്യമാണെന്ന് അദ്ദേഹം വാദിച്ചു. സംസ്കൃതവും വേദോപനിഷത്തുകളും പഠിക്കേണ്ടതിന്റെ ആവശ്യകതയെ അദ്ദേഹം ഊന്നിപ്പറഞ്ഞു. ആര്യസമാജത്തിന്റെ കീഴിൽ പലയിടത്തും ഹൈസ്കൂളുകളും, കോളേജുകളും തുറക്കപ്പെട്ടു.

ദയാനന്ദസരസ്വതിയും ദേശീയൈക്യത്തിനുവേണ്ടിയാണ് നില കൊണ്ടത്. പക്ഷേ, അദ്ദേഹത്തിന്റെ ദേശീയൈക്യത്തിൽ മുസ്ലീങ്ങൾക്കും, ക്രിസ്ത്യാനികൾക്കും സ്ഥാനമുണ്ടായിരുന്നില്ല. ഇന്ത്യയുടെ ശത്രുക്കളായിട്ടാണ് അവർ കരുതപ്പെടുന്നത്.’സത്യാർത്ഥപ്രകാശം’ എന്ന തന്റെ പുസ്തകത്തിൽ ഇസ്ലാം മതത്തെയും ക്രിസ്തുമതത്തെയും കഠിനമായി ആക്ഷേപിച്ചു. അതോടൊപ്പം തന്നെ മറ്റു മതങ്ങളിൽ നിന്നും ഹിന്ദുമതത്തിലേക്കുള്ള മതപരിവർത്തനത്തിനുവേണ്ടിയുള്ള ശുദ്ധിപ്രസ്ഥാനവും ആരംഭിച്ചു.

ഇങ്ങനെ ദേശീയബോധത്തിന്റെ സങ്കുചിതമായ ഒരു രൂപത്തെയാണ് ആദ്യം മുതൽക്ക് തന്നെ ആര്യ സമാജം പ്രതിനിധാനം ചെയ്തത്. എങ്കിലും ധാരാളം ദേശാഭിമാനികൾ അതിലേക്ക് ആകർഷിക്കപ്പെട്ടു.

ആരംഭത്തിൽ അത് പുരോഗമനപരമായ ചില പങ്കുകൾ വഹിച്ചിട്ടുണ്ട് എന്നതിൽ സംശയമില്ല. പക്ഷേ, ദേശീയ ബോധം പരന്നുപിടിക്കുകയും രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ശക്തിപ്പെടുകയും ചെയ്യുന്തോറും അത് കൂടുതൽ പിന്തിരിപ്പനായി. യഥാർത്ഥമായ ദേശീയൈക്യത്തെ തുരങ്കം വയ്ക്കുകയും ഹിന്ദു സാമുദായികവാദവും മുസ്ലിം സാമുദായികവാദവും തമ്മിലുള്ള മത്സരങ്ങളെ ആളിക്കത്തിക്കുകയും ചെയ്തുകൊണ്ട് അത് സാമൂഹ്യ പുരോഗതിയെ തടയാൻ തുടങ്ങി.

മഹാത്മാഗാന്ധി 1924-ൽ തന്റെ ‘യങ്ങ് ഇന്ത്യ’ യിൽ ഇങ്ങനെ എഴുതി:

> ‘ദയാനന്ദസരസ്വതിയെപ്പറ്റി എനിക്ക് അളവറ്റ ബഹുമാനമുണ്ട്. അദ്ദേഹം ഹിന്ദുമതത്തിന് വലിയ ഗുണം ചെയ്തിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. അദ്ദേഹത്തിന്റെ ധീരതയെപ്പറ്റി രണ്ടു പക്ഷമില്ല. പക്ഷേ, അദ്ദേഹം തന്റെ ഹിന്ദുമതത്തെ സങ്കുചിതമാക്കി തീർത്തു. ആര്യ സമാജക്കാരുടെ വേദപുസ്തകമായ ‘സത്യാർത്ഥ പ്രകാശം’ ഞാൻ വായിച്ചിട്ടുണ്ട്. ഞാൻ യർവാദ ജയിലിൽ വിശ്രമിച്ചിരുന്ന കാലത്ത് അതിന്റെ മൂന്ന് പ്രതികൾ എന്റെ സ്നേഹിതൻമാർ എനിക്ക് അയച്ചു തരികയുണ്ടായി.ഇത്ര മഹാനായ ഒരാൾ ഇതിൽ അധികം ഇച്ഛാഭംഗമുണ്ടാക്കത്തക്കതായ ഒരു പുസ്തകം എഴുതിയതായി ഞാൻ വായിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ജീവിതാദർശനം സത്യം മാത്രമാണെന്നാണ് അഭിമാനം. എന്നാൽ, അദ്ദേഹം ജയിൻമതം, ഇസ്ലാംമതം, ക്രിസ്തുമതം, എന്നുവേണ്ട ഹിന്ദുമതം തന്നെയും അറിയാതെ വളരെ അസംബന്ധമായിട്ടാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. ഈ മതങ്ങളെപ്പറ്റി അൽപ്പമെങ്കിലും വിവരമുള്ള ഒരാൾ ഈ മഹാനായ മതപരിഷ്കാരിക്ക് വലിയ അബദ്ധം പിണഞ്ഞിട്ടുണ്ടെന്നാണ് എളുപ്പത്തിൽ മനസ്സിലാക്കുന്നതായിരിക്കും. ലോകത്തിൽ സർവ്വ മതങ്ങളിലും വെച്ച് ലേശവും പരമത വിദ്വേഷമില്ലാത്തതും ഏറ്റവും വിശാലവുമായ ഒരുമതത്തെ കുടിലമാക്കിത്തീർക്കുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. അദ്ദേഹം വിഗ്രഹാരാധനയ്ക്ക് വിരോധിയാണെങ്കിലും, അഗ്രാഹ്യമായ വിധത്തിൽ വിഗ്രഹാരാധനയെ സ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. കാരണം, അദ്ദേഹം വേദവാക്യത്തെ വിഗ്രഹീകരിക്കുകയും വേദത്തിൽ ശാസ്ത്രത്താൽ അറിയപ്പെടുന്നതെല്ലാം നിലനിൽക്കുന്നുണ്ടെന്ന് തെളിയിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എന്റെ താഴ്മയായ അഭിപ്രായത്തിൽ ആര്യസമാജം പോഷിച്ചുകൊണ്ടിരിക്കുന്നത് ‘സത്യാർത്ഥപ്രകാശ’ ത്തിന്റെ സഹജമായ യോഗ്യത കൊണ്ടല്ല, അതിന്റെ സ്ഥാപകന്റെ മഹത്തും ശ്രേഷ്ഠവുമായ സ്വഭാവഗുണം കൊണ്ടാണ്. ആര്യ സമാജക്കാരെ നിങ്ങൾ എവിടെക്കാണുന്നുവോ, അവിടെ ജീവസ്സും ഉത്സാഹവും വിളയാടുന്നതായി കാണാം. എന്നാൽ, അതിന്റെ സ്ഥിതി ഇടുങ്ങിയതും അവരുടെ സ്വഭാവം വെറുപ്പിക്കത്തക്കതും ആകയാൽ അവർ പലപ്പോഴും മറ്റു മതക്കാരുമായി കലഹിക്കുകയോ അതിന് സാധിക്കാതെ വരുമ്പോൾ തങ്ങൾ തന്നെ കലഹിക്കുകയോ ചെയ്യുന്നതാണ്.

## 7 സർ സയിദ് അഹമ്മദ് ഖാൻ

ഹിന്ദുക്കളുടെ ഇടയിൽ മാത്രമല്ല, മുസ്ലീങ്ങളുടെ ഇടയിലും ചില മതപരിഷ്കാര പ്രസ്ഥാനമുണ്ടായി. അവയിൽ പ്രാധാന്യമർഹിക്കുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സയിദ് അഹമ്മദ്ഖാന്റെ നേതൃത്വത്തിൽ ആരംഭിച്ച പ്രസ്ഥാനമാണ്.

1857-ലെ ദേശീയ കലാപം നടന്നുകൊണ്ടിരുന്ന കാലത്ത് സയിദ് അഹമ്മദ്ഖാന് 40 വയസ്സ് പ്രായമായിരുന്നു. വിപ്ലവകാരിയുടെ ഭാഗത്തല്ല, ബ്രിട്ടീഷുകാരുടെ ഭാഗത്താണ് അദ്ദേഹം നിലയുറപ്പിച്ചത്. കലാപത്തിനു ശേഷമുള്ള മർദ്ദനങ്ങളെയും പകവീട്ടലിനെയും നേരിടാനാവാതെ മുസ്ലീങ്ങൾ ആത്മീയതയുടെ പുറംതോടുകളിലേക്ക് കൂടുതൽ കൂടുതൽ ഉൾവലിയാൻ തുടങ്ങി. യാഥാസ്ഥിതികമായ ഈ ഉൾവലിയലിൽ നിന്നും അവരെ പുറത്തുകൊണ്ടുവരാനും അങ്ങനെ അവരെ ഉദ്ധരിക്കാനുമാണ് സയിദ്അഹമ്മദ്ഖാൻ പരിശ്രമിച്ചത്.

മതത്തിന്റെ പഴയ ചട്ടക്കൂട് പുതിയ പരിതഃസ്ഥിതികൾക്ക് യോജിച്ചതല്ല എന്ന് അദ്ദേഹം വ്യക്തമായി മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് മുസ്ലീങ്ങളുടെ ഇടയിൽ നിലനിന്നിരുന്ന പർദ മുതലായ അനാചാരങ്ങളെ അദ്ദേഹം എതിർത്തു. പഴയ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ സ്ഥാനത്ത് പുതിയ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിൽ വരുത്താനും യൂറോപ്യൻ പരിഷ്കാരത്തിന്റെ നേട്ടങ്ങളെ മുസ്ലീങ്ങൾക്ക് വിവരിച്ചുകൊടുക്കുവാനും അദ്ദേഹം പരിശ്രമിച്ചു. ആധുനിക പരിഷ്കാരത്തിലേക്ക് മുസ്ലീങ്ങളെ നയിക്കണമെങ്കിൽ ബ്രിട്ടീഷുകാരുടെ സഹായവും സഹകരണവും കൂടിയേ കഴിയൂ എന്ന് അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ടാണ് ബ്രിട്ടീഷ് ഭരണത്തോട് കൂറുകാണിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചത്. ബ്രിട്ടീഷുകാരുടെ സഹായത്തോടെയാണ് അദ്ദേഹം അലിഗറിൽ ഒരു മുസ്ലീം കോളേജ് സ്ഥാപിച്ചത്.

എന്നാൽ സങ്കുചിതമായ അർത്ഥത്തിൽ അദ്ദേഹവും ഒരു ദേശീയവാദിയായിരുന്നു. മുസ്ലീങ്ങളെ ഉയർത്തിക്കൊണ്ടുവരണം എന്നല്ലാതെ ഹിന്ദുക്കളെ എതിർക്കണമെന്ന് അദ്ദേഹത്തിന് ഉദ്ദേശ്യമുണ്ടായിരുന്നില്ല. പൊതുവിലുള്ള രാഷ്ട്രീയ അഭിവൃദ്ധിയിൽ നിന്ന് വേറിട്ട് നിൽക്കുന്ന ഒരു വർഗ്ഗീയവാദിയായിരുന്നില്ല അദ്ദേഹം. ഒരിടത്ത് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

> ‘ഹിന്ദു എന്നും മുഹമ്മദീയൻ എന്നുമുള്ള വാക്കുകൾ മതപരമായ വേർതിരിവിന് മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് ഓർക്കുക. ബാക്കി കാര്യങ്ങളിൽ, ഹിന്ദുവായാലും മുഹമ്മദീയനായാലും, ക്രിസ്ത്യാനികൾ പോലും, ഈ നാട്ടിൽ നിവസിക്കുന്നവരെല്ലാം ഈ ഒരു ദൃഷ്ടിയിൽ ഒരൊറ്റ രാഷ്ട്രത്തിൽ ചേർന്നവരാകുന്നു.’

പക്ഷേ, പ്രവൃത്തിയിൽ പൊതു പ്രസ്ഥാനങ്ങളിൽ നിന്ന് മുസ്ലിമുകളെ വേറിട്ടു നിർത്തുന്നതിനുവേണ്ടിയാണ് അദ്ദേഹത്തിന്റെ പ്രസ്ഥാനം ഉപയോഗിക്കപ്പെട്ടത്. 1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപമെടുത്തപ്പോൾ അതിൽ നിന്ന് വേറിട്ടു നിൽക്കാൻ അദ്ദേഹം തന്നെ മുസ്ലീങ്ങളെ ഉപദേശിക്കുകയുണ്ടായി. ഈ വേറിട്ടു നിൽക്കലാണ് പിന്നീട് വർഗ്ഗീയവാദമായി വളർന്നത്.

ഇത്തരം ദൗർബല്യങ്ങളെല്ലാം ഉണ്ടായിരുന്നെങ്കിൽ കൂടി, അദ്ദേഹത്തിന്റെ പ്രസ്ഥാനം ആധുനിക കാലഘട്ടത്തിന് യോജിച്ച ഭൗതികവും ശാസ്ത്രീയവുമായ ഒരു വീക്ഷണഗതി സമ്പാദിക്കാൻ മുസ്ലീങ്ങളെ ഏറെക്കുറെ സഹായിച്ചിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

സ്വാമി ദയാനന്ദസരസ്വതിയുടെയും സയിദ്അഹമ്മദ്ഖാന്റെയും പരിഷ്കരണ പ്രസ്ഥാനങ്ങൾ ശക്തിപ്പെടാൻ തുടങ്ങിയ കാലത്തുതന്നെ കൂടുതൽ വിശാലവും ഇന്ത്യയുടെ ആത്മാവിന്റെ അഗാധതയിലോളം ഇറങ്ങിച്ചെന്നതുമായ മറ്റൊരു പ്രസ്ഥാനം ഉടലെടുക്കുകയുണ്ടായി. സ്വാമി വിവേകാനന്ദനാണ് അതിന് നേതൃത്വം നൽകിയത്. □

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904– ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10